# പ്രാർത്ഥന

ശാഹ് സയ്യിദ് ശറഫുദ്ദീൻ ജീലാനി

*സത്യമാർഗ്ഗം പബ്ലിക്കേഷൻസ്*
*ശാഹ് ജീലാനി അസോസിയേഷൻ*
*ജീലാനി ശരീഫ്, കിഴക്കേദേശം.*

# Prarthana

(malayalam)

by, **Shah Sayyid Sharafudeen Jeelani**

published by:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Typing&layout:

Rashid Cherpulassery

Cover

Husain. K.M.  Kasargode

Printing:

4prints offset press, Manjeri

Price:

**Rs: 30**

copy right:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Ernakulam,683102

# ശാഹ് സയ്യിദ് ശറഫുദ്ദീൻ ജീലാനി

പേര് :ശാഹ് സയ്യിദ് ശറഫുദ്ദീൻ ജീലാനി

ജനനം :05-09-1983 ൽ വയനാട് ജില്ലയിലെ നെല്ലിയമ്പം എന്ന സ്ഥലത്ത്.

പിതാവ് :സയ്യിദ് മുഹമ്മദ് കോയ തങ്ങൾ

മാതാവ് :സയ്യിദത്ത് പൂക്കുഞ്ഞി ബീവി

പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഉന്നത മത പഠനത്തിനായി വളാഞ്ചേരിയിലെ ശൈഖ് ജീലാനി ഇസ്ലാമിക് അക്കാദമിയിൽ ചേർന്നു. 2008 ൽ ശാഹ് ജീലാനി ബിരുദം ലഭിച്ചു.

06-06-2006 ഞായറാഴ്ച ജുമാദൽ ആഖിർറ ഒന്നാം രാവ് രാത്രി 10 മണിക്ക് ഖുതുബുസ്സമാൻ ശൈഖ് യൂസുഫ് സുൽ ത്താൻ ശാഹ് ഖാദിരി ചിശ്തിയുമായി ഖാദിരിയ്യ ത്വരീഖത്തിൽ ബൈഅത്ത് ചെയ്തു. മഹാനവർകളിൽ നിന്ന് ചിശ് തി ത്വരീഖത്തിന്റെ ഖിലാഫത്തും ലഭിച്ചിട്ടുണ്ട്.

നിലവിൽ ഗൗസിയ്യ സുന്നി ജംഇയ്യതുൽ ഉലമ മുശാവറ മെമ്പറും ജീലാനി സ്റ്റഡി സെന്റർ വയനാട് ജില്ലാ പ്രസിഡന്റും ശാഹ് ജീലാനി അസോസിയേഷൻ സെക്രട്ടറിയും ആലുവ അൽ മദീന ഇസ്ലാമിക് & ആർട്സ് കോളേജ് അധ്യാപകനുമാണ്.

ഭാര്യ :സയ്യിദത്ത് ഉമ്മു ജമീല, ഇയ്യാട്

മകൾ :സയ്യിദ് അബ്ദുൽ ബാസിത്, സയ്യിദ് മുഹമ്മദ് ശഹീം.

## പ്രാർത്ഥന

സഹോദരാ ! നാം മനുഷ്യരാണ്, അല്ലാഹുവിന്റെ സൃഷ്ടികളിൽ അത്യുല്കൃഷ്ടർ. പരിശുദ്ധ ഖുർ ആനിൽ അല്ലാഹു അർത്ഥശങ്കക്കിടയില്ലാത്ത വിധം പ്രഖ്യാപിച്ച കാര്യമാണത്. (സൂറത്തുൽ ഇസ്റാഅ്) അല്ലാഹു പറഞ്ഞു.

وَلَقَدْ كَرَّمْنَا بَنِي آدَمَ

നിശ്ചയം ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു'' തുടർന്ന് അല്ലാഹു പറയുന്നു

وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ وَرَزَقْنَاهُمْ مِنَ الطَّيِّبَاتِ وَفَضَّلْنَاهُمْ عَلَى كَثِيرٍ مِمَّنْ خَلَقْنَا تَفْضِيلًا

അതായത് കടലിലും കരയിലും അവനെ നാം വാഹനങ്ങ ളിൽ ചുമക്കുകയും നല്ല ഇനം ഭക്ഷണങ്ങൾ നാം അവർക്ക് നല്കു കയും എന്റെ സൃഷ്ടികളിൽ അധിക വിഭാഗത്തേക്കാ ളും നാം അവരെ ഉത്കൃഷ്ടരാക്കുകയും ചെയ്തു.

സഹോദരാ, മനുഷ്യന്റെ മഹത്വം ഇവിടെയും അവ സാനി ക്കുന്നില്ല.

സൂറത്തുൽ ബഖറയിൽ അല്ലാഹു പറയുന്നു.

خلق لكم ما في الأرض جميعا

ഭൂമിയിലുള്ളത് മുഴുവൻ നാം പടച്ചത് നിങ്ങൾക്ക് വേണ്ടി യാണ്. സഹോദരാ ഈ സൂക്തം ഒന്ന് വിശകലന ത്തിന് വി ധേയമാക്കൂ. എന്താണതിന്റെ അർത്ഥം? ഭൂമിയി ലുള്ള സർവ്വ വസ്തുക്കളും മൃഗങ്ങളും സസ്യങ്ങളും വൃ ക്ഷങ്ങളും പർവ്വത ങ്ങളും തുടങ്ങി ചേതനവും അചേതന വുമായ സർവ്വ വസ്തു ക്കളും സൃഷ്ടിച്ച് സംവിധാനിച്ചത് മനുഷ്യന്ന് വേണ്ടി യാണ് എന്നർത്ഥം.

ഇത്രയേറെ ബഹുമാന്യ സൃഷ്ടിയായ മനുഷ്യനെ അ ല്ലാഹു നല്ലതും ചീത്തയും വേർതിരിച്ചറിയാനുള്ള വിശേഷ ബുദ്ധി നല്കി ആദരിക്കുകയും സന്മാർഗവും ദുർമാർ ഗ്ഗവും പഠിപ്പിച്ച് കൊടുക്കുകയും ചെയ്തു. സന്മാർഗം തെരെഞ്ഞെ ടുത്ത് സത്യ സന്ധമായി ജീവിതം നയിച്ചവന് സ്വർഗ്ഗവും ദുർ മാർഗ്ഗം തെരെ ഞ്ഞെടുത്തവന്ന് നരകവും അല്ലാഹു സജ്ജ മാക്കി. അല്ലാഹു വിനെ അനുസരിച്ച് സത്യ സന്ധമായി ജീവി ക്കുന്ന അടിമയുടെ എല്ലാ കാര്യവും അല്ലാഹു ഏറ്റെടുക്കു മെന്ന് അവൻ ഉറപ്പ് നൽകി (സൂറത്തുൽ അഅ്റാഫ്)

അല്ലാഹു പറയുന്നു وهو يتولى الصالحين അല്ലാഹു സച്ചരിതരെ ഏറ്റെടുക്കുന്നതാണ്. സദാചാരം മുറിക്കിപ്പിടിച്ച് ജീവിക്കുന്ന അല്ലാഹുവിന്റെ ദാസന് അല്ലാഹു മതി എന്ന് പരിശുദ്ധ ഖുർആനിൽ പറഞ്ഞതായികാണാം. സൂറത്തുസ്സു മുറിൽ പറയുന്നു عَبْدَهُ أَلَيْسَ اللَّهُ بِكَافٍ അല്ലാഹുവിന്റെ അടിമക്ക് അവൻ പോരേ? എന്നാണതിന്റെ അർത്ഥം.

സഹോദരാ! അല്ലാഹുവിന്റെ അടിമയായി ജീവിക്കുകയാണെങ്കിൽ പിന്നെന്താണ് പേടിക്കാനുള്ളത്, ഏത് പ്രതിസന്ധി വന്നാലും ചോദിക്കപ്പെടാൻ ഒരു റബ്ബുണ്ടെങ്കിൽ ഭാവി ഭൂത കാര്യങ്ങൾ കൊണ്ട് മനുഷ്യ മനസ്സിൽ ദുർബോധനം നടത്താൻ പിശാച് ഒരുമ്പെടുമ്പോൾ പ്രാർത്ഥന മുഅ്മിനിന്റെ പരിചയാണെന്ന പ്രവാചക വചനം, നാം മറക്കരുത്. പ്രതിസന്ധികളും പ്രയാസങ്ങളും ജീവിതത്തിൽ നമ്മെ വരിഞ്ഞ് മുറുക്കുമ്പോൾ പ്രാർത്ഥന സത്യവിശ്വാസി യുടെ ആയുധമാണെന്ന പ്രവാചക വചനം നാം മറക്കരുത്. ജീവിതത്തിലെ അത്യാവശ്യ കാര്യങ്ങൾ നേടാനാവാതെ വിഷമിക്കുമ്പോൾ പ്രാർത്ഥന അല്ലാഹുവിന്റെ ഖജനാവിന്റെ താക്കോലാണെന്ന അലിയ്യ് (റ) ന്റെ വാക്ക് നാം മറക്കരുത്. ജീവിതത്തിൽ ഏത് പ്രതിസന്ധി വന്നാലും അല്ലാ ഹുവിന്റെ മുന്നിൽ ഉറച്ച മനസ്സോടെ നിങ്ങൾക്ക് ചോദിക്കാൻ കഴിയുമെങ്കിൽ നിങ്ങൾ വിഷമിക്കേണ്ട. കാരണം എല്ലാ കാര്യങ്ങളും

അവന്റെ കൈവശമാണെന്ന യാഥാർത്ഥ്യം നാം മറന്ന് പോകരുത്. മഹതി ഫാത്വിമ ബീവി (റ) റസൂലിനെയും അനുചരരെയും സല്കരിച്ച സംഭവം ചരിത്ര ഗ്രന്ഥങ്ങളിൽ നമുക്ക് കാണാൻ കഴിയും. ഫാത്വിമ (റ)യുടെ ദൃഡമായ മന സ്സിൽ നിന്ന് ജനനിയന്താവിലേക്ക് പറന്ന് ഉയർന്ന പ്രാർത്ഥ നയുടെ ശക്തിയാണ് ഈ സംഭവത്തിൽ നിന്ന് നമുക്ക് മന സ്സിലാകുന്നത്. ആ ചരിത്രം നമുക്കിവിടെ ചുരുക്കി വിവരിക്കാം. ഒരു ദിവസം ഉസ്മാനി (റ) ന്റെ വീട്ടിൽ നബി (സ)ക്കും അനുചരർക്കും ഒരു വിരുന്നൊരുക്കി. കേമമായ സദ്യ ഭക്ഷണം കഴിച്ചു കഴിഞ്ഞ് റസൂൽ (സ) ഉസ്മാൻ (റ)ന്ന് വേണ്ടി പ്രാർത്ഥിച്ചു. ഇത് കണ്ട അലിയ്യ് (റ) വിന്റെ മനസ്സിൽ വല്ലാത്ത വിഷമം തളം കെട്ടി നിന്നു. മുഖത്തിന്റെ വാട്ടം കണ്ടപ്പോൾ സഹധർമ്മിണി ഫാത്വിമ ബീവി കാര്യം തിരക്കി. വിഷയം മനസ്സിലാക്കിയപ്പോൾ ഫാത്വിമ ബീവി (റ) പറഞ്ഞു. നിങ്ങൾ വിഷമിക്കണ്ട നമുക്കും റസൂലി(സ) നെയും അനുച രരെയും സല്കരിക്കണം, നാളെത്തന്നെ അവരോട് വീട്ടിലേ ക്ക് വരാൻ പറയൂ. അലി (റ) അമ്പരന്ന് കൊണ്ട് ചോദിച്ചു: എന്താ ഫാത്വിമാ നീ പറയുന്നത്. ഫാത്വിമ ബീവി (റ) ഒരു തളികയെടുത്ത് ബിസ്മി ചൊല്ലി അത് മൂടി വെച്ചു. ദൃഢമായ മനസ്സോടെ അല്ലാഹുവിനോട് ചോദിച്ചു ‘‘ ഞാൻ അല്ലാഹു വിന്റെ റസൂലി(സ)ന്റെ കരളിന്റെ കഷ്ണമാണെങ്കിൽ നാളെ എന്റെ അതിത്തികൾക്ക് മുന്നിൽ എന്നെ വഷളാക്കരുതേ.

സ്വർഗ്ഗീയ ഭക്ഷണം നല്കി ഞങ്ങളെ നീ സഹായിക്കണേ. അടുത്ത ദിവസം പ്രഭാത കിരണങ്ങൾ പരന്ന് തുടങ്ങി. പക്ഷിക ളുടെ കളകൂജനങ്ങൾ കേട്ട് തുടങ്ങി. ഇന്നാണ് റസൂലിന്റേയും അനുചരരുടെയും സല്കാരം. സമയമായിത്തുടങ്ങി. റസൂലും സഹാബത്തും എത്തിക്കഴിഞ്ഞു. ആര് തളിക തുറക്കും? ഫാത്വിമ ബീവി തന്റെ പ്രിയ ഭർ ത്താവ് അലി (റ) യോട് ബിസ്മി ചൊല്ലി പാത്രം തുറക്കാൻ പറഞ്ഞു. പാത്രം തുറന്നപ്പോൾ കാണാൻ കഴിഞ്ഞത് കണ്ണഞ്ചിപ്പി ക്കുന്ന രംഗമായിരുന്നു. സ്വർഗ്ഗീയ ഭക്ഷണങ്ങളാൽ സമൃദ്ധ മായിരുന്ന ആ തളിക. എല്ലാവരെയും വേണ്ട രീതിയിൽ സല്കരിച്ച് അലി (റ)യും ഫാത്വിമ ബീവി(റ)യും സന്തോഷത്തോടെ അല്ലാഹുവിന് സ്തുതികളർപ്പിച്ചു. സഹോദരാ ദുആ കൊണ്ട് നേടാൻ കഴിയാത്തതെ ന്താണ്? ഒന്നുമില്ല. ഇത്തരം ചരിത്ര സംഭവങ്ങൾ ഒരു വിശ്വാസിക്ക് കുറച്ചൊന്നുമല്ല സാന്ത്വനമേകുന്നത്. പ്രാർത്ഥനകൾ കൊണ്ട് അത്ഭുത ങ്ങൾ സൃഷ്ടിച്ച ചരിത്ര സംഭവങ്ങൾ നിരവധിയാണ്. അതി ലേക്ക് നമുക്ക് വഴിയേ കടക്കാം.

സഹോദരാ, നമ്മുടെ പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കാൻ ചില നിബന്ധനകളുണ്ട്(ശർത്വുകൾ). പരിശുദ്ധ ഖുർആനും സുന്നത്തും സച്ചരിതരായ മുൻ ഗാമികളുടെ വാക്കുകളുമാണ് നമുക്കതിനാധാരം. ശർത്വ് എന്നാൽ നാമേവർ

ക്കും അറിയുന്നത് പോലെ ഒരു പ്രവർത്തനത്തിന്റെ ഒരിക്കലും മാറ്റിനിർത്താൻ കഴിയാത്ത ഘടകമാണ്. മാത്രമല്ല, അതിന്റെ അഭാവം പ്രവർത്തനത്തിന്റെ സാധുതയെ ബാധിക്കുമെന്ന കാര്യം തീർച്ചയാണ്. അത്കൊണ്ട് ശർത്വുകൾ നാം അവഗണിച്ചാൽ നമ്മുടെ പ്രാർത്ഥന അല്ലാഹു പരിഗണിക്കുകയില്ല.

പ്രാർത്ഥനയുടെ സുപ്രധാന ശർത്വുകൾ :-

1. ഇഖ്ലാസ് : അല്ലാഹുവിനോടുള്ള പ്രാർത്ഥനയിൽ പൈശാചികമായ ഇടപെടലുകൾക്ക് അവസരം കൊടുക്കാതിരിക്കലാണത്. മറ്റുള്ളവർ കേൾക്കണമെന്നോ കാണണമെന്നോ തുടങ്ങി അല്ലാഹുവല്ലാത്ത ഏതെങ്കിലും ഒരു വസ്തുവിന്റെ പങ്കാളിത്തം വിളിച്ചോതുന്ന വല്ല ചിന്തകളും നമ്മുടെ മനസ്സിൽ ഉണ്ടായാൽ അത് ഇഖ്ലാസിന് തടസ്സമാണ്. ഇഖ്ലാസിന് ഭംഗം വന്നാൽ ദുആ ചെയ്യരുത്. പക്ഷെ ആ ചിന്തയെ മറികടക്കാൻ കഴിഞ്ഞാൽ ദുആ ചെയ്യാവുന്നതാണ്. പ്രാർത്ഥനയിൽ ഇഖ്ലാസ് വേണമെന്ന് അല്ലാഹു പരിശുദ്ധ ഖുർആനിൽ പറഞ്ഞതാണ്.

فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ ‘‘ നിങ്ങൾ പരിപൂർണ്ണ
വിശ്വാസത്തോടെ ആത്മാർത്ഥമായി അല്ലാഹുവിനോട്
പ്രാർത്ഥിക്കുക സത്യ നിഷേധികൾ വെറുത്താലും ശരി’’

2. അല്ലാഹുവും റസൂലും അനുവദിച്ച കാര്യങ്ങൾ മാത്രം ചോദിക്കുക. നാം ഇഖ്ലാസോടെ ചോദിക്കുന്ന കാര്യം ഇസ്ലാമിക ശരീഅത്ത് അനുവദിച്ച കാര്യമായിരിക്കണം. ഇവയിൽ ഏതെങ്കിലുമൊന്ന് ഇല്ലാതായാൽ ദുആ സ്വീകരിക്കപ്പെടുകയില്ല. അല്ലാഹു തആല പറയുന്നു.

تَبَارَكَ الَّذِي بِيَدِهِ الْمُلْكُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ (1) الَّذِي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا وَهُوَ الْعَزِيزُ الْغَفُورُ

(ദൃശ്യ ലോകത്തിന്റെയും അദൃശ്യ ലോകത്തിന്റെയും അധികാരിയായ അല്ലാഹു ഗുണവാനായിരിക്കുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി കർമ്മങ്ങൾ ചെയ്യുന്നത് എന്നറിയാനാണ് അവൻ മരണവും ജീവിതവും സംവിധാനിച്ചത്. അവൻ നന്നായി പൊറുക്കുന്നവനും പ്രതാപശാലിയുമായിരിക്കുന്നു) ഈ സൂക്തത്തിൽ أَحْسَنُ عَمَلًا എന്ന പദം വിശദീകരിച്ച് കൊണ്ട് മഹാനായ فضيل بن عياض പറഞ്ഞു. ''ഏറ്റവും ഇഖ്ലാസോ ടെ ശരീഅത്ത് അനുവദിച്ച രീതിയിൽ പ്രവർത്തിക്കുന്നവർ എന്നാണ് അതു കൊണ്ട് ഉദ്ദേശ്യം.''

3. അല്ലാഹു സഹായിക്കുമെന്നും ഉത്തരം നൽകുമെന്നും ഉറച്ച് വിശ്വസിക്കുക. ഈ വിശ്വാസമാണ് നിബന്ധനകളിൽ

കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. അല്ലാഹു എന്തിനും കഴിവുള്ളവനാണെന്നും എല്ലാം അവന് كن (നീ ഉണ്ടാക്) എന്ന ഒറ്റ വാചകം കൊണ്ട് സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന വിശ്വാസം നമുക്ക് വേണം. മാത്രമല്ല അല്ലാഹു പറയുന്നു.

وان من شيئ الا عندنا خزائنه وما ننزله الا بقدر معلوم

എല്ലാ വസ്തുക്കളുടെയും ഖജനാവുകൾ നമ്മുടെ പക്ക ലുണ്ട്. ഒരു നിശ്ചിത അളവനുസരിച്ച് മാത്രമേ നാം അത് ഇറക്കുകയുള്ളൂ. ഈ സൂക്തം നമ്മുടെ മനസ്സിൽ സ്തിര പ്രതിഷ്ഠ നേടേണ്ട ഒന്നാണ്. എല്ലാ ഖജനാവുകളും അല്ലാഹു വിന്റെ കയ്യിലാണെങ്കിൽ ആ ഖജനാവുകളുടെ താക്കോലായ പ്രാർത്ഥന നമ്മുടെ കൈവശമാണ് എന്നത് നാം മറക്കരുത്. മൂന്നാമത് നിബന്ധനയിൽ ഏറ്റവും പ്രാധാ ന്യമർഹിക്കുന്ന ഒന്നാണ് ഉത്തരം കിട്ടുമെന്ന ഉറച്ച വിശ്വാസം നമുക്കുണ്ടാ വൽ. അബൂഹുറൈറ(റ) നബി(സ)യിൽ നിന്ന് ഉദ്ദരിക്കുന്ന ഒരു ഹദീസിൽ കാണാം നബി(സ) പറ ഞ്ഞു.

ادعوا الله وانتم موقنون بالاجابة

ഉത്തരം ലഭിക്കുമെന്നുറപ്പിച് നിങ്ങൾ അല്ലാഹുവിനോട് ദു ആ ചെയ്യുക.

4. ഹൃദയ സാന്നിദ്ധ്യം, ഭയഭക്തി, അല്ലാഹുവിന്റെയടുത്തു ള്ള പ്രതിഫലം ആഗ്രഹിക്കുക, അവന്റെ ശിക്ഷ ഭയപ്പെടുക. ഹൃദയസാന്നിധ്യം പ്രാർത്ഥനയുടെ സ്വീകാര്യതക്ക് വളരെ അത്യാവശ്യമാണ്. അബൂഹുറൈറ(റ) റിപ്പോർട്ട്ചെയ്ത ഹദീസിൽ കാണാം.

ادعوا الله وانتم موقنون بالاجابة واعلموا ان الله لا يستجيب دعاء من قلب غافل لاه

‘‘ നിങ്ങൾഉത്തരംലഭിക്കുമെന്ന ഉറപ്പോട്കൂടെ അല്ലാഹുവി നോട് പ്രാർത്ഥിക്കുക. അശ്രദ്ധവാന്റെ പ്രാർത്ഥനക്ക് അല്ലാ ഹു ഉത്തരം നല്കുകയില്ല’’.

5. പ്രാർത്ഥനയിൽ ഉപാധി ഒഴിവാക്കുക. അല്ലാഹുവേ നീ ഉദ്ധേശിച്ചാൽ എനിക്ക് പൊറുത്ത്തരിക നീ ഉദ്ദേശിച്ചാൽ റഹ്മത്ത് ചെയ്യുക എന്ന് ദുആ ചെയ്യാൻ പാടില്ല. അനസ് (റ) റിപ്പോർട്ട് ചെയ്യുന്നു: റസൂൽ (സ) പറഞ്ഞു: നിങ്ങൾ ദു ആ ചെയ്യുമ്പോൾ ഉപാധി വെക്കാതെ ഉറപ്പോടെ ചോദിക്ക ണം. അല്ലാഹുവേ നീ ഉദ്ദേശിച്ചാൽ നല്ക് എന്ന് പറയരുത്, കാരണം അല്ലാഹുവിനെ നിർബന്ധിക്കുന്ന വനായി ഒരാളു മില്ല.

ഇനി നാം മനസ്സിലാക്കേണ്ടത് ഉത്തരം ലഭിക്കാൻ തടസ്സമാകുന്ന കാര്യങ്ങളാണ്.

1. ഹറാമായ ഭക്ഷണം, ഹറാമായ വെള്ളം, ഹറാമായ വസ്ത്രം ഇവ മൂന്നും പ്രാർത്ഥനക്ക് ഉത്തരം ലഭി ക്കുന്ന തിനുള്ള തടസ്സങ്ങളാണ്. അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ(സ) പറഞ്ഞു. ഓ ജനങ്ങളേ, നിശ്ചയം അല്ലാഹുവള രെ നല്ലവനാണ്. വളരെ നല്ലത് മാത്രമേ അവൻ സ്വീകരി ക്കുകയുള്ളൂ. മുർസലീങ്ങളോട് കണിച്ചത് തന്നെയാണ് മുഅ്മിനീങ്ങളോടും അല്ലാഹുകണിച്ചത്. ഓ മുർസലീങ്ങളേ, ഏറ്റവും നല്ലതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുക. നിങ്ങൾ പ്രവർ ത്തിക്കുന്നത് ഞാൻ നന്നായിഅറിയുന്നവനാണ്. മുഅ്മിനീ ങ്ങളോടും ഇതേകാര്യമാണ് അല്ലാഹു പറഞ്ഞത്. ''ഓ മു അ്മിനീങ്ങളേ ഞാൻ നല്കിയതിൽ നല്ലതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുക''. പിന്നീട്റസൂൽ(സ) മുടി ജഡ കുത്തിയ ശരീരം പൊടിപുരണ്ട ഒരു ദീർഘ യാത്രക്കാരനെക്കുറിച്ച് പ്രതിപാതിച്ചു. അവൻ എന്റെ രക്ഷിതാവെ എന്ന്വിളിച്ച് കൊണ്ടിരിക്കുന്നു. അവന്റെ ഭക്ഷണവും പാനീയവും ഹറാമാണ്. അവന്റെ സിരകളിൽ ഓടുന്ന രക്തംഹറാമാണ്. പിന്നെ എങ്ങനെയാണ് അവന്ന് ഉത്തരം നല്കപ്പെടുക. സാന്ദർഭികമായി നമുക്കൊരുചരിത്ര സംഭവംഅയവിറക്കാം. ആയിഷ(റ) പറയുന്നു: '' അബൂബക്കർ(റ)വിന് ഒരു അടിമ യുണ്ടായിരുന്നു. അവൻ അധ്വാനിച്ച് നേടിയത്അബൂബക്കർ (റ) വിന് കൈമാറുമായിരുന്നു. അബൂബക്കർ(റ) അതിൽ നിന്ന് ഭക്ഷിക്കാറുമുണ്ടായിരുന്നു.

പതിവ് പോലെ അബൂ ബക്കർ(റ)ന് ഭക്ഷിക്കാൻ അദ്ദേഹം എന്തോകൊണ്ടുവന്നു. സിദ്ദീഖ്(റ) അത് ഭക്ഷിക്കുകയും ചെയ്തു. അപ്പോൾ ഭൃത്യ ൻ ചോദിച്ചു, നിങ്ങൾക്കറിയുമോ നിങ്ങൽ ഭക്ഷിച്ചത് എന്താണെന്ന്?. അബൂബക്കർ(റ) ഉത്ക ണ്ഡാകുലനായി ചോദി ച്ചു എന്താണത്?, അവൻ പറഞ്ഞു: '' ഞാൻ ജാഹിലീയ കാലത്ത് ഒരാൾക്ക് വേണ്ടി ജ്യോത്സ്യ പ്പണി ചെയ്ത് കൊടു ത്തു അതെനിക്ക് വശമില്ലായിരുന്നു, ഞാനവനെ വഞ്ചിച്ച തായിരുന്നു. അതിന് അവൻ പ്രതിഫലം നലികിയ സമ്പ ത്തിൽ നിന്നാണ് ഇപ്പോൾ നിങ്ങൾ ഭക്ഷിച്ചത്. സിദ്ദീഖ്(റ) തന്റെ കൈ വായിലിട്ട് തിന്നതെല്ലാം ചർദ്ദിച്ചു. അബൂനഈം(റ)ന്റെ ഹിൽയതുൽ ഔലിയയിലും അഹ്മദു ബ്നു ഹമ്പൽ(റ)ന്റെ മുസ്ദനിയും ഇപ്രകാരം റിപ്പോർട്ട് ചെ യ്യപ്പെടുന്നു. സിദ്ദീഖ്(റ) വിനോട് ചോദിക്കപ്പെട്ടു. ഈ ചർദ്ദിച്ച തെല്ലാം ഹറാമായ ഉരുളയാണോ ? സിദ്ദീഖ്(റ) പറഞ്ഞു: ''ഈ ഉരുളക്ക് വേണ്ടി എന്റെ ആത്മാവ് നഷ്ടപ്പെട്ടാലും ഞാനത് പുറത്താക്കാതിരിക്കില്ല. കാരണം റസൂൽ(സ) പറ യുന്നത് ഞാൻ കേട്ടിട്ടുണ്ട്.'' ഹറാമിൽ നിന്ന് മുളച്ച ശരീര വു മായിഏറ്റവും ബന്ധപ്പെട്ടത് നരകാഗ്നിയാണ്. അത് കൊ ണ്ട് ഈ ഉരുളയിൽ നിന്നെന്തെങ്കിലും എന്റെ ശരീരത്തിൽ മുളക്കുമോ എന്ന് ഞാൻ പേടിച്ചു.

2. ധൃതികൂട്ടലും പ്രാർത്ഥന ഉപേക്ഷിക്കലുമാണ് രണ്ടാമത്തെ തടസ്സം, നബി(സ) ഈ സ്വഭാവത്തെ ഒരു തടസ്സമായിത്തന്നെ പറഞ്ഞിട്ടുണ്ട്. അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു. നബി(സ) പറഞ്ഞു: ധൃതികൂട്ടി എനിക്ക് ഉത്തരം നല്കപ്പെടുന്നില്ല എന്ന് പറയാത്ത കാല മത്രയും നിങ്ങൾക്ക് ഉത്തരം നല്കപ്പെടുന്നതാണ്.

3. അല്ലാഹു ഹറാമാക്കിയ കാര്യങ്ങൾ ചെയ്യുക. ഈ പ്രവണത ഉത്തരം നല്കപ്പെടാൻ തടസ്സമാണെന്ന് അല്ലാഹു പരിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുണ്ട്

انّ الله لايغيّر مابقوم حتّى يغيّروا مابأنفسهم

‘‘ അല്ലാഹു ഒരുസമൂഹത്തിന് വന്ന് ഭവിച്ച വിപത്ത് നീക്കണമെങ്കിൽ അവർ അവരുടെ ജീവിതചര്യ മാറ്റേണ്ടിയിരിക്കുന്നു ’’ എന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. സ്വയം നന്നാവാതെ എത്ര പ്രാർത്ഥിച്ചാലും ആ പ്രാർത്ഥന അല്ലാഹു സ്വീകരിക്കുകയില്ല എന്നതാണ് ഈ സൂക്തത്തിൽ നിന്ന് നമുക്ക് മനസ്സിലാവുന്നത്.

4. അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ ഉപേക്ഷിക്കൽ, അല്ലാഹുവിന്റെ കല്പകൾ അനുസരിക്കൽ, എന്നിവ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ഹേതുകമാണെന്നത് പോലെ അവയെ തിരസ്കരിക്കൽ ഉത്തരം തടയപ്പെടാനും ഹേതു

കമാണ്. ഹുദൈഫ(റ) റിപ്പോർട്ട്ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. നിശ്ചയം നിങ്ങൾ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യണം. ഇല്ലെങ്കിൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുമെന്ന് മാത്രമല്ല, പിന്നീട് നിങ്ങൾഅവനോട് ദുആ ചെയ്താൽ അവൻ ഉത്തരം നല്കുകയില്ല.

5. തെറ്റായ കാര്യത്തിന് വേണ്ടിയോ കുടുംബ ബന്ധം മുറിയാനോ പ്രാർത്ഥിക്കൽ.

ഇനി നാം മനസ്സിലാക്കേണ്ടത് ദുആഇന്റെ മര്യാദകളും ഉത്തരം ലഭിക്കുന്ന സ്ഥലങ്ങളും സമയങ്ങളുമാണ്. ആദ്യം നമുക്ക് ദുആഇന്റെ മര്യാദകൾ പറയാം.

1. അല്ലാഹുവിനെ സ്തുതിച്ച്കൊണ്ടും റസൂൽ (സ)ന്റെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടും ദുആ തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക. അലിയ്യുബ്നു അബീത്വാലിബ്(റ) പറയുന്നു :'' നബിയുടെ മേലിലും അവരുടെ കുടുംബത്തിന്റെ മേലിലും സ്വലാത്ത് ചൊല്ലുന്നത് വരെ പ്രാർത്ഥന തടയപ്പെടുന്നതാണ്. ഇബ്നുൽഖയ്യിം(റ) പറയുന്നു '' പ്രാർത്ഥിക്കുമ്പോൾ നബി(സ)യുടെ മേലിൽ മൂന്ന് രൂപത്തിൽ സ്വലാത്ത് ചൊല്ലാം.

1.1 പ്രാർത്ഥനയുടെ മുമ്പും അല്ലാഹുവിനെ സ്തുതിച്ചതിന് ശേഷവും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലൽ.

1.2 പ്രാർത്ഥനയുടെ തുടക്കത്തിലും നടുവിലും അവസാനത്തിലും സ്വലാത്ത് ചൊല്ലൽ.

1.3 തുടക്കത്തിലും അവസാനത്തിലും സ്വലാത്ത് ചൊല്ലൽ അവക്കിടയിൽ അവന്റെ ആവശ്യം അല്ലാഹുവോട് പറയൽ.

2. ക്ഷേമത്തിലും ക്ഷാമത്തിലും ദുആ ചെയ്യൽ.

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ(സ) പറഞ്ഞു. പ്രയാസ സമയത്ത് അല്ലാഹു ഉത്തരം നല്കണമെന്ന് ആർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ ഐശ്വര്യ സമയത്ത് അവൻ പ്രാർത്ഥന വർദ്ദിപ്പിക്കട്ടെ.

3. വീട്ടുകാർക്കോ സമ്പത്തിനോ മക്കൾക്കോ സ്വശരീരത്തിനോ കേടായി പ്രാർത്ഥിക്കാതിരിക്കൽ.

ജാബിർ(റ) റിപ്പോർട്ട്ചെയ്യുന്നു. ഒരുസ്വഹാബിതന്റെ ഒട്ടകത്തെ ശപിക്കുന്നത് കേട്ടപ്പോൾ റസൂൽ(സ) ചോദിച്ചു. ‘ ആരാണ് ഒട്ടകത്തെ ശപിച്ചവൻ ?’ അദ്ദേഹം പറഞ്ഞു:‘ ഞാനാണ് അല്ലാഹുവിന്റെറസൂലേ.’ റസൂൽ(സ) പറഞ്ഞു നീ ഒട്ടകപ്പുറത്ത് നിന്ന് ഇറങ്ങുക. ശപിക്കപ്പെട്ട ഒട്ടകവു മായി ഞങ്ങളോടൊപ്പം വരരുത്. നബി(സ) തുടർന്നു, നി ങ്ങൾ സ്വന്തത്തിനെതിരെയോ മക്കൾക്കെതിരെയോ സമ്പ ത്തിനെതിരെയോ പ്രാർത്ഥിക്കരുത്, കാരണം നിങ്ങളുടെ പ്രാർത്ഥന

ചില പ്രത്യേകസമയവുമായി യോജിച്ചാൽ അവയ്ക്ക് ഉത്തരം നല്കപ്പെടും.

4. കൂടുതൽ ഉയർന്നതോ വളരെ പതുങ്ങിയതോ അല്ലാത്ത ഒതുങ്ങിയ ശബ്ദത്തിൽ ദുആ ചെയ്യൽ.

അല്ലാഹു തആല പറഞ്ഞു. ‘‘ നിങ്ങൾ അല്ലാഹുവിനോട് പതുങ്ങിയ സ്വരത്തിൽ കേണപേക്ഷിച്ച് കൊണ്ട് പ്രാർത്ഥിക്കുക, അതിര് കടക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല’’. അബൂമൂസ(റ) പറയുന്നു. ഞങ്ങൾ ഒരു യാത്രയിൽ റസൂൽ (സ)ന്റെകൂടെ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ ജനങ്ങൾ ഉച്ചത്തിൽ ത്കബീർ ചൊല്ലാൻ തുടങ്ങി. അപ്പോൾ നബി(സ) പറഞ്ഞു ‘‘നിങ്ങൾ മിതത്വം പാലിക്കുക, നിങ്ങൾ വിളിക്കുന്നത് ഒരു ബധിരനേയോ അസന്നിഹിതനെയോ അല്ല. നിശ്ചയം നിങ്ങൾവിളിക്കുന്നത് നന്നായി കേൾക്കുന്നവനേയും സമീപസ്ഥനേയുമാണ്. അവൻ നിങ്ങളോട് കൂടെയുണ്ട്.

5. അല്ലാഹുവിനോട് താഴ്മയോടെ ചോദിക്കുക.

അല്ലാഹു പറഞ്ഞു.

فأخذناهم بالبأساء والضّرّاء لعلّهم يتضّرعون

‘ അവരെ നാം ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും നല്കി പരീക്ഷിച്ചു പിടിച്ചു. അവർ ഒന്ന് കേണപേക്ഷിക്കാൻ വേണ്ടി ’ താഴ്മയോടെ ചോദിക്കലാണ് അല്ലാഹു താൽപര്യപ്പെടുന്നത് എന്ന് ഈ സൂക്തം നമ്മെ പഠിപ്പിക്കുന്നു.

6. ചോദിച്ചത് തന്നെ വീണ്ടും വീണ്ടുംചോദിക്കുക

അനസ് (റ) നബി(സ) പറഞ്ഞതായി ഉദ്ദരിക്കുന്നു. الظوابياذالجلال والإكرام യാദൽ ജലാലി വൽഇഖ്റാം എന്നത്കൊണ്ട് നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിനോട് ചോദിക്കുക.

7. അനുവദിനീയമായ രീതിയിൽ ഇടതേടി പ്രാർത്ഥിക്കൽ പലരൂപത്തിൽ പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും വന്നിട്ടുണ്ട്. അതിവിടെ നമുക്ക്വിസ്തരിക്കാം,

7.1 അല്ലാഹുവിന്റെ ഏതെങ്കിലും പേര് കൊണ്ടോ സ്വഭാവം കൊണ്ടോ ഇടതേടി പ്രാർത്ഥിക്കൽ. റഹ്മാനും റഹീമുമായ അല്ലാഹുവേ എന്ന്വിളിച്ച് പ്രാർത്ഥിക്കൽ പേര് കൊണ്ട് പ്രാർത്ഥിക്കുന്നതിനൊരുദാഹരണമാണ്.

7.2 അല്ലാഹുവേ നിന്റെ കാരുണ്യം കൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു. എന്ന് അല്ലാഹുവിന്റെ സ്വഭാവത്തെ മുൻനിർത്തി പ്രാർത്ഥിക്കുന്നതിനുദാഹരണമാണ്. രണ്ട് രീതിയി

ലും പ്രാർത്ഥിക്കുന്നതിന് ഖുർആനിൽ തെളിവുകളുണ്ട്. അല്ലാഹു പറഞ്ഞു.

ولله الأسماءالحسنى فادعوه بها

അല്ലാഹുവിന് വളരെ ഉത്തമമായ നാമങ്ങളുണ്ട് അതുപയോഗിച്ച് നിങ്ങൾ പ്രാർത്ഥിക്കുക.

മറ്റൊരു ആയത്തിൽ സുലൈമാൻ നബി(സ)യുടെ പ്രാർത്ഥന അല്ലാഹു നമുക്ക് പറാഞ്ഞ് തരുന്നു.

وقال ربّ اوزعنى أن اشكر نعمتك اليّ انعمت عليّ وعلى والديّ وان اعمل صالحا ترضاه وادخلنا برحمتك في عبادك الصالحين

സുലൈമാൻ നബി(സ) പ്രാർത്ഥിച്ചു ‘‘ അല്ലാഹുവേ നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്ത അനുഗ്രഹത്തിന് നന്ദി ചെയ്യാനും നീ തൃപ്തിപ്പെടുന്ന സല്കർമ്മം പ്രവർത്തിക്കാനും നീ എന്നെ പ്രേരിപ്പിക്കേണമേ നിന്റെ കാരുണ്യം കൊണ്ട് എന്നെ നിന്റെ സജ്ജനങ്ങളിൽ ഉൾപ്പെടുത്തേണമേ.

7.3 ചെയ്ത സല്കർമ്മം മുൻ നിറുത്തി അല്ലാഹുവോട് പ്രാർത്ഥിക്കുക. ഉദാഹരണമായി പറാഞ്ഞാൽ ഒരു മുസ്ലിം പ്രാർത്ഥിക്കുക. അല്ലാഹുവേ നിന്നിലുള്ള എന്റെ വിശ്വാസം

മുൻനിറുത്തി നിന്നോട് ഞാൻ ചോദിക്കുന്നു നീ എനിക്ക് പൊറുക്കേണമേ.

7.4 ഒരു സ്വാലിഹായ മനുഷ്യനെക്കൊണ്ട് ദുആ ചെയ്യിപ്പിക്കുക.

അനസുബ്നു മാലിക്(റ) റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ കാണാം. മഹാനവർകൾ പറയുന്നു.'' ജനങ്ങൾക്ക് റസൂൽ(സ)ന്റെ കാലത്ത് ക്ഷാമം പിടിപെട്ടു. വെള്ളിയാഴ്ച ദിവസം റസൂൽ(സ) ഖുത്ബ ഓതിക്കൊണ്ടിരിക്കുമ്പോൾ ഒരു അഅ്റാബി എഴുന്നേറ്റു നിന്ന് കൊണ്ട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ സമ്പത്ത് നശിച്ചു. കുടുംബങ്ങൽ വിശന്ന് വലഞ്ഞു. അല്ലാഹുവിനോട് ഞങ്ങൾക്ക് വേണ്ടി ദുആ ചെയ്യുക. റസൂൽ(സ) രണ്ട് കയ്യും ഉയർത്തി പ്രാർത്ഥിച്ചു. അല്ലാഹുവേ ഞങ്ങൾക്ക് നീ മഴ നല്കേണമേ, അല്ലാഹുവേ ഞങ്ങൾക്ക് നീ മഴ നല്കേണമേ, അല്ലാഹുവേ ഞങ്ങൾക്ക് നീ മഴ നല്കേണമേ. ആകാശത്ത് ഒരു മേഘ ശകലം പോലും ഞങ്ങൾ കണ്ടിരുന്നില്ല. ഉയർത്തിയ കൈ നബി(സ) താഴ്തിയപ്പോഴേക്കും മേഘം പർവ്വത സമാനം ഇളകി മറിയാൻ തുടങ്ങി. പിന്നീട് നബി(സ) മിമ്പറിൽ നിന്ന് ഇറങ്ങുമ്പോൾ താടിയിൽ നിന്ന് മഴവെള്ളം ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു..........

7.5 അല്ലാഹുവിന്റെ ഉത്കൃഷ്ടരായ അടിമകളെ കൊണ്ട് ഇട തേടി പ്രാർത്ഥിക്കൽ.

عن انس بن مالك الأنصار من رواية ثمامة بن عبد الله عنه ان عمربن الخطاب(ر) كان اذاقحطوااستسقى بالعباس بن عبدالمطلب فقال اللهم انّا كنّا نتوسل اليك نبيّنا فتسقيناوانانتوسّل اليك بعم نبيّنا فاسقناقال فيسقون

അനസ്ബനു മാലിക്(റ) പറയുന്നു. ഉമർ(റ) ക്ഷാമം നേരി ട്ടാൽ അബ്ബാസ്(റ)നെ കൊണ്ട് ഇടതേടി ഇപ്രകാരം പ്രാർ ത്ഥിക്കുണ്ടായിരുന്നു. അല്ലാഹുവേ ഞങ്ങൾ നബി(സ)യെ കൊണ്ട് ഇടതേടി പ്രാർത്ഥിക്കുകയും നീ ഞങ്ങൾക്ക് മഴ വർഷിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ ഞങ്ങളി താ നബി(സ)യുടെ എളാപ്പയെ കൊണ്ട് ഇടതേടി പ്രാർ ത്ഥിക്കുന്നു. ഞങ്ങൾക്ക് നീ മഴ നൽകേണമേ. അനസ്(റ) പറഞ്ഞു: അങ്ങനെ അവർക്ക് മഴ വർഷിപ്പിക്കപ്പെട്ടു.

8. ചെയ്ത് പോയ ദോഷങ്ങളും അല്ലാഹു ചെയ്ത അനുഗ്ര ഹങ്ങളും അംഗീകരിച്ച് കൊണ്ട് പ്രാർത്ഥിക്കൽ.

9. പ്രാർത്ഥനയിൽ മനപ്പൂർവ്വം ഭാഷാലങ്കാരം വരുത്താതി രിക്കൽ. ഭാഷാ സൗന്ദര്യത്തിന് വേണ്ടി വാചകങ്ങളുടെ അ വസാനം ഒരു പോലെയാക്കലും മറ്റുമാണ് ഇത് കൊണ്ടുദ്ദേ ശിക്കുന്നത്.

10. ഒരു കാര്യം മൂന്ന് പ്രാവശ്യം ചോദിക്കൽ.

ഇബ്നു മസ്ഊദ്(റ) പറയുന്നു. ‘‘ നബി(സ) കഅ്ബയുടെ അടുത്ത് വച്ച് നമസ്കരിക്കുകയായിരുന്നു. അബൂ ജഹ്ലും കൂട്ടാളികളും അവിടെ ഇരിക്കുന്നുണ്ട്. അവരിൽ ഒരാൾ മ റ്റൊരാളോട് ചോദിച്ചു. ആരാണ് ഒരൊട്ടകത്തിന്റെ കുടല് മാല കൊണ്ട് വന്ന് മുഹമ്മദ്(സ)സുജൂദ് ചെയ്യുമ്പോൾ അവന്റെ മുതുകിൽ ഇടുക ?. അവരിൽ അധമനായ ഒരുവൻ പോയി കുടല് മാല കൊണ്ടുവന്ന് റസൂൽ(സ) സുജൂദ് ചെയ്തപ്പോ ൾ അവിടുത്തെ ചുമലിലിട്ടു. ഞാൻ നോക്കി നില്ക്കുന്നുണ്ട്. എനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. എനിക്ക് ശക്തിയു ണ്ടെങ്കിൽ ഞാൻ അത് നീക്കം ചെയ്യുമായിരുന്നു. അവർ ചിരിച്ച് കൊണ്ട് ആടിത്തിമർക്കുന്നു. റസൂൽ(സ)ക്ക് തല ഉയർത്താൻ കഴിയുന്നില്ല. അപ്പോൾ ഫാതിമ ബീവി(റ) വരികയും മുതുകിൽ നിന്നെടുത്ത് മാറ്റുകയും ചെയ്തു. നബി(സ) തല ഉയർത്തി ഇങ്ങനെ പ്രാർത്ഥിച്ചു. അല്ലാഹു വേ ഖുറൈശികളെ നീ നശിപ്പിക്കേണമേ. അവർക്കെതിരെ പ്രാർത്ഥിച്ചപ്പോൽ അവർ ഭയന്നുപോയി..... പിന്നെ അല്ലാ ഹുവിന്റെ റസൂൽ(സ) പേരെടുത്ത് പറഞ്ഞ് അവർക്കെതിരെ ഇപ്രകാരം പ്രാർത്ഥിച്ചു അല്ലാഹുവേ അബൂജഹലിനെ നീ പിടിക്കേണമേ.

ഏഴാമതായി ഒരാളെ കൂടി റസൂൽ(സ) എണ്ണി. ആരാണെന്ന് ഓർമ്മയില്ല. ഇബ്നു മസ്ഊദ്(റ) തുടരുന്നു. അല്ലാഹുവാണേ സത്യം നബി(സ) എണ്ണിയ ആളുകളെയെല്ലാം ബദ്റിലെ പൊട്ടക്കിണറിൽ മരിച്ച് കിടക്കുന്നത് ഞാൻ കണ്ടു.

11. ഖിബ്ലക്ക് മുന്നിട്ട് പ്രാർത്ഥിക്കൽ.

അബ്ദുല്ലാഹിബ്നു സൈദ്(റ) റിപ്പോർട്ട് ചെയ്ത ഹദീസിൽ നബി(സ) മഴയെ തേടിയുള്ള പ്രാർത്ഥനയിൽ ഖിബ്ലക്ക് മുന്നിട്ടതായി പറയുന്നു.

12. ദുആയിൽ രണ്ട് കയ്യും ഉയർത്തൽ.

അബൂമൂസൽ അസ്അരീ(റ) പറയുന്നു. നബി(സ) ദുആ ചെയ്യുമ്പോൾ രണ്ട് കയ്യും ഉയർത്തി. അവിടുത്തെ കക്ഷത്തിന്റെ വെളുപ്പ് ഞാൻ കാണുമായിരുന്നു.

13. ദുആക്ക് മുൻപ് വുളു ചെയ്യൽ.

14. ദുആയിൽ അല്ലാഹുവിനെ പേടിച്ച് കരയൽ.

15. താൻ അല്ലാഹുവിന്റെ ആശ്രിതനാണ് തനിക്കൊന്നും കഴിയില്ല എന്ന് തുറന്ന് പറഞ്ഞ് വേവലാതി ബോധിപ്പിക്കൽ.

16. മറ്റുള്ളവർക്ക് വേണ്ടി ദുആ ചെയ്യുമ്പോൾ ആദ്യം സ്വന്ത ത്തിന് വേണ്ടി ദുആ ചെയ്യൽ.

17. ദുആയിൽ അനാവശ്യ ചോദ്യങ്ങൾ ഒഴിവാക്കൽ.

സഅ്ദുബ്നു അബീവഖാസ്(റ)ന്റെ മകൻ പറയുന്നു. എന്റെ പിതാവ് ഇപ്രകാരം പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. അല്ലാഹുവേ ഞാൻ നിന്നോട് സ്വർഗ്ഗവും അതിലെ അനുഗ്രഹങ്ങളും പ്രകാശവും ചോദിക്കുന്നു. അല്ലാഹുവേ നരകത്തിൽ നിന്നും അതിലെ ചങ്ങലകളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. അപ്പോൾ എന്റെ പിതാവ് എന്നോട് പറഞ്ഞു. '' എന്റെ പ്രിയപ്പെട്ട മകനേ റസൂൽ(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ദുആയിൽ അതിര് വിടുന്ന ഒരു വിഭാഗം വരാനുണ്ട്, മോനേ നീ അതിൽ പെട്ടു പോകരുത്. നിനക്ക് സ്വർഗ്ഗം നല്കപ്പെട്ടാൽ സ്വർഗ്ഗവും അതിലുള്ള സർവ്വവും നിനക്ക് നല്കപ്പെടും. നരകത്തിൽ നിന്ന് നീ മോചിപ്പിക്കപ്പെട്ടാൽ അതിലുള്ള സർവ്വ ഉപദ്രവങ്ങളിൽ നിന്നും നീ മോചിപ്പിക്കപ്പെടും.''

18. തെറ്റുകളിൽ നിന്ന് തൗബ ചെയ്യലും അക്രമിച്ചെടുത്ത വസ്തുക്കൾ മടക്കി കൊടുക്കലും.

19. സ്വന്തത്തോടൊപ്പം മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു തആല പറഞ്ഞു. '' അവർക്ക് നിന്റെ

കാരുണ്യതിന്റെ ചിറകുകൾ നീ താഴ്ത്തിക്കൊടുക്കുക. എന്നെ ചെറുപ്പത്തിൽ പോറ്റി വളർത്തിയത് പോലെ അവർക്കും നീ കരുണ ചെയ്യേണമേ തമ്പുരാനേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.

20. സ്വന്തത്തോടൊപ്പം മുഅ്മിനീങ്ങൾക്കും ദുആ ചെയ്യുക. അല്ലാഹു തആല പറഞ്ഞു'' അങ്ങേക്കും മുഅ്മിനീങ്ങൾക്കും വേണ്ടി താങ്കൾ പൊറുക്കൽ തേടുക.

ഇനി നമുക്ക് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങൾ പഠിക്കാം.

1. ലൈലതുൽ ഖദ്ർ
2. ഫർള് നിസ്കാരത്തിന് ശേഷം
3. രാത്രിയുടെ അവസാന ഭാഗം
4. ബാങ്കിന്റെയും ഇഖാമതിന്റെയും ഇടയിൽ
5. ബാങ്ക് വിളിക്കുന്ന സമയത്ത്
6. ഇഖാമത്ത് കൊടുക്കുമ്പോൾ
7. മഴ വർഷിക്കുമ്പോഴുള്ള ദുആ, മഴ നനഞ്ഞ് കൊണ്ടുള്ള ദുആ

8. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യാൻ അണിനിരന്ന് നില്കുമ്പോൾ

9. എല്ലാ രാത്രിയിലും ഒരു പ്രത്യേക സമയം, അത് ഏതാണെന്ന് വ്യക്തമല്ല

10. വെള്ളിയാഴ്ച പകലിൽ കുറച്ച് സമയം

ജാബിർ(റ) പറയുന്നു, നബി(സ) പറഞ്ഞു ''വെള്ളിയാഴ്ച പകൽ 12 മണിക്കൂറാണ്. ആ 12 മണിക്കൂറിൽ ഒരു മണിക്കൂറുണ്ട്. ആ സമയത്ത് ഒരു മുസ്ലിം അല്ലാഹുവി നോട് ചോദിച്ചാൽ അല്ലാഹു അത് നല്കും. അസ്വറിന് ശേഷം അവസാനത്തെ മണിക്കൂറിൽ നിങ്ങൾ അതിനെ പ്രതീ ക്ഷിക്കുക. അബൂബുർദതുബ്നു മൂസൽ അശ്അരീ(റ) പറയുന്നു. ഇമാം മിമ്പറിൽ ഇരുന്നത് മുതൽ നിസ്കാരം കഴിയുന്നത് വരെയാണ് ആ ഒരു മണിക്കൂർ എന്ന് റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു.

11. നല്ല നിയ്യത്തോട് കൂടി സംസം കുടിക്കുന്ന സമയത്ത്.

ജാബിർ(റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ(സ) പറഞ്ഞു '' സംസം എന്ത് ലക്ഷ്യം വെച്ച് കുടിച്ചാലും അത് ലഭിക്കുന്നതാണ്.

12. സുജൂദിലുള്ള പ്രാർത്ഥന

അബൂഹുറൈറാ(റ) പറയുന്നു, റസൂൽ(സ) പറഞ്ഞു. ഒരടിമ അല്ലാഹുവിനോട് ഏറ്റവും കൂടുതൽ അടുക്കുന്നത് അവർ സുജൂദിലാകുമ്പോഴാണ്. അതുകൊണ്ട് സുജൂദിൽ നിങ്ങൾ ദുആ വർദ്ധിപ്പിക്കുക.

13. രാത്രി ഉറക്കിൽ നിന്ന് ഉണർന്ന് താഴെ പറയുന്ന പ്രകാരം ഹദീസിൽ വന്ന ദിക്ര് ചൊല്ലി ദുആ ഇരന്നാൽ ഉത്തരം ലഭിക്കുന്നതാണ്.

لااله الله وحده لاشريك له له الملك وله الحمد وهو على كلّ شيئ قدير

الحمدلله وسبحان الله ولا اله الا لله والله اكبر ولا حول ولاقوّة الا بالله

ഈ ദിക്ർ ചൊല്ലിയ ശേഷം اللهمّ اغفرلي എന്നോ അല്ലെങ്കിൽ മറ്റെന്ത് ദുആ ഇരന്നാലും ഉത്തരം നൽകപ്പെടും അ വൻ വുളൂ ചെയ്ത് നിസ്കരിച്ചാൽ നിസ്കാരം സ്വീകരിക്കപ്പെടും.

14. യൂനുസ് നബിയുടെ ദുആ.

لااله الا انت سبحلنك انّي كنت من الظالمين

എന്ന പ്രാർത്ഥനയാണത്. സഅ്ദ്(റ) പറായുന്നു, റസൂൽ (സ) പറഞ്ഞു. മത്സ്യത്തിന്റെ വയറ്റിൽ യൂനുസ് നബി(അ) ചെയ്ത പ്രാർത്ഥന ഏതൊരു മുസ്ലിം പ്രാർത്ഥിച്ചാലും അവന് ഉത്തരം ലഭിക്കുമെന്നത് തീർച്ചയാണ്.

15. ബുദ്ധിമുട്ടിൽ അകപ്പെടുമ്പോൾ ഹദീസിൽ വന്ന ദുആ ചെയ്താൽ ഉത്തരം ലഭിക്കുന്നതാണ്.

عن امّ سلم (ر) انها قالت سمعت رسول الله صلى الله عليه وسلم يقول مامن مسلم تصيبة مصيبة فيقول ما امره الله انا لله وانّا اليه راجعون اللهم اجرني مصيبتى واخلف الي خيرا منها الا اخلف الله له خيرامنها

സാരം: ഉമ്മുസലമ(റ) റിപ്പോർട്ട് ചെയ്യുന്നു റസൂൽ (സ) പറഞ്ഞു: ഒരു മുസ്‌ലിമിന് ഒരു പ്രയാസം നേരിടുകയും അല്ലാഹു കൽപ്പിച്ചപോലെ

انالله وانااليه راجعون اللهم اجرني في مصيتي واخلف لي خيرا منها

എന്ന് പ്രാർത്ഥിക്കുകയും ചെയ്താൽ അല്ലാഹു ആ വിപത്ത് നീക്കി അവന് നന്മ നൽകുന്നതാണ്.

16. മരണ ശേഷം മയ്യിത്തിന്ന് വേണ്ടി മുഅ്മിനീങ്ങൾ നടത്തുന്ന പ്രാർത്ഥന.

17. വജ്ജഹ്തുവിൽ താഴെ പറയുന്ന ദിക്ർ ചൊല്ലിയാൽ

الله اكبر كبيرا والحمد لله كثيرا وسبحان الله بكرة واصيلا

സ്വഹാബികളിലൊരാൾ ഈ ദിക്ർ കൊണ്ട് വജ്ജഹ്തു തുടങ്ങിയപ്പോൾ റസൂൽ(സ) പറഞ്ഞു

عجبت لهافتحت لهاابواب السماء

ആ ദിക്ർ കേട്ട് ഞാൻ അത്ഭുതപ്പെട്ടു. ആകാശക വാടങ്ങൾ അതിനു വേണ്ടി തുറക്കപ്പെട്ടു.

18. അത് പോലെ الحمدلله حمدا كثيراطيبا مباركافيه എന്ന ദിക്ർ വജ്ജഹ്തുവിൽ ചൊല്ലിയാൽ.

19. അർത്ഥം മനസ്സിലാക്കി ഫാത്വിഹ ഓതുന്ന സമയത്ത്.

20. റുകൂഇൽ നിന്ന് തല ഉയർത്തി റബ്ബനാലകൽ ഹംദു ചൊല്ലുന്ന സമയം.

21. ഫാത്വിഹയിലെ ആമീൻ മലക്കുകളുടെ ആമീൻ ചൊല്ലലുമായി യോജിച്ചാൽ.

22. അവസാനത്തെ അത്തഹിയ്യാത്തിൽ സ്വലാത്തിന് ശേഷം ദുആ ഇരന്നാൽ.

23. വുളുവിന് ശേഷം ഹദീസിൽ വന്ന ദിക്ർ ചൊല്ലി ദുആ ചെയ്താൽ.

24. അറഫയിൽ വെച്ച് ഹാജി ദുആ ചെയ്യുന്ന സമയം.

25. റമളാൻ മാസത്തിലുള്ള ദുആ

26. ദിക്റിന്റെ സദസ്സുകളിലുള്ള പ്രാർത്ഥന.

27. പൂവൻ കോഴി കൂവുമ്പോഴുള്ള പ്രാർത്ഥന.

28. ദുൽ ഹിജ്ജ 10 ദിവസത്തിലുള്ള പ്രാർത്ഥന.

ഇനി ദുആക്ക് ഉത്തരം കിട്ടുന്ന സ്ഥലങ്ങൾ മനസ്സിലാക്കാം.

1. അയ്യാമുത്തശ്‌രീവിന്റെ ദിവസങ്ങളിൽ ജംറത്തുൽ സുഗ്റാ, ജംറത്തുൽ വുസ്ത്വാ എന്നിവയിലേക്ക് കല്ലെറിയുന്ന സമയത്ത്.

2. കഅ്ബയുടെയും ഹിജ്ർ ഇസ്മാഈലിന്റെയും അകത്ത് വെച്ചുള്ള പ്രാർത്ഥന.

3. സ്വഫാ, മർവ്വയിൽ വെച്ച് ഹജ്ജ് ചെയ്യുന്നവനോ ഉംറ ചെയ്യുന്നവനോ നടത്തുന്ന പ്രാർത്ഥന.

4. ഹജ്ജ് ചെയ്യുന്നവൻ മുസ്ദലിഫയിൽ വെച്ച് ദുൽ ഹിജ്ജ 10ന് നടത്തുന്ന പ്രാർത്ഥന.

5. അറഫാ ദിവസം അറഫയിൽ വെച്ച് ഹാജി നടത്തുന്ന പ്രാർത്ഥന.

ഉത്തരം നൽകപ്പെടുമെന്ന് നബി(സ) തീർത്ത് പറഞ്ഞ പ്രാർത്ഥനകൾ.

1. തന്റെ മുസ്ലിം സഹോദരന് വേണ്ടി അവന്റെ അഭാവത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥന.

മഹതിയായ ഉമ്മുദ്ദർദാഅ്(റ) സ്വഫ്വാൻ(റ)നോട് ചോദിച്ചു " നിങ്ങൾ ഈ വർഷം ഹജ്ജ് ഉദ്ദേശിക്കുന്നുണ്ടോ? മഹാനവർകൾ പറഞ്ഞു അതെ, മഹതി പറഞ്ഞു എന്നാൽ എനിക്ക് വേണ്ടി നിങ്ങൾ അല്ലാഹുവോട് ദുആ ചെയ്യുക. കാരണം നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു മുസ്ലിം സഹോദന് വേണ്ടി അവന്റെ അഭാവത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥന ഉത്തരം നല്കപ്പെടുന്നതാണ്. പ്രാർത്ഥിക്കുന്നവന്റെ തലയുടെ അടുത്ത് മലക്ക് വന്ന് പറഞ്ഞു കൊണ്ടിരിവും നീ ഉത്തരം നല്കണേ.

2. അക്രമിക്കപ്പെടുന്നവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കപ്പെടുന്നതാണ് അവൻ തെമ്മാടിയാണെങ്കിലും ശരി, അവന്റെ തെമ്മാടിത്തത്തിന്റെ ശിക്ഷ അവന് ലഭിക്കുന്നതാണ്.

3. മാതാപിതാക്കൾ മക്കൾക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന.

4.മാതാപിതാക്കൾ മക്കൾക്കെതിരെ നടത്തുന്ന പ്രാർത്ഥന.

5. യാത്രക്കാരന്റെ പ്രാർത്ഥന.

അബൂഹുറൈറ(റ) പറയുന്നു, റസൂൽ(സ) പറഞ്ഞു ’’ മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുമെന്നതിൽ സംശയമില്ല

1. അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന.

2. യാത്രക്കാരന്റെ പ്രാർത്ഥന.

3.മാതാപിതാക്കൾ മക്കൾക്ക് വേണ്ടി നടത്തുന്ന പ്രാർത്ഥന.

6. നോമ്പ് കാരന്റെ പ്രാർത്ഥന.

7. നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന.

8 .സ്വാലിഹായ സന്താനത്തിന്റെ പ്രാർത്ഥന.

9. വഴി മുട്ടിയവന്റെ ദുആ. വഴി മുട്ടിയവന് ഉത്തരം ചെയ്യുന്നവനാണ് അല്ലാഹുവെന്ന് അവൻ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്. അല്ലാഹു പറയുന്നു. امّن يجيب المضطرّ اذا دعاه

‘‘ഗതി മുട്ടിയവൻ പ്രാർത്ഥിച്ചാൽ ഉത്തരം നല്കുന്നവനും ബുദ്ധിമുട്ടുകൾ അകറ്റുന്നവനുമാണോ’’

10. അല്ലാഹുവിന്റെ ദിക്ർ ചൊല്ലി ശുദ്ധിയോടെ കിടന്നുറങ്ങിയവന്റെ പ്രാർത്ഥന.

മുആദുബ്നു ജബൽ(റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു ''ഒരു മുസ്ലിമായ മനുഷ്യൻ വുളുവോടെ ദിക്ർ ചൊല്ലി കിടന്നുറങ്ങിയതിനു ശേഷം രാത്രി എണീറ്റ് അല്ലാഹുവിനോട് ഇഹ പരനന്മകൾ ഏത് ചോദിച്ചാലും അല്ലാഹു അവനത് നല്കുന്നതാണ്.

11. യൂനുസ് നബി(അ) നടത്തിയ പ്രാർത്ഥന.

12. അപകടങ്ങൾ സംഭവിക്കുമ്പോൾ ചൊല്ലാൻ ഹദീസിൽ വന്ന പ്രാർത്ഥന.

13. ഇസ്മുൽ അഅ്ളം കൊണ്ടുള്ള പ്രാർത്ഥ.

ഇബ്നു ബുറൈദ(റ) തന്റെ പിതാവിൽ നിന്നുദ്ധരിക്കുന്നു. പിതാവ് പറഞ്ഞു '' ഒരാൾ ഒരുപ്രത്യേകമായ ദിക്ർ കൊണ്ട് ദുആ ഇരക്കുന്നത് റസൂൽ(സ) കേട്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു, നിശ്ചയം അല്ലാഹുവാണ് സത്യം. ദുആ ചെയ്താൽ ഉത്തരം ലഭിക്കുന്ന ചോദിച്ചാൽ നല്കപ്പെടുന്ന ഇസ്മുൽ അഅ്ളം കൊണ്ടാണ്. അവൻ ചോദിച്ചിരിക്കുന്നത്.

14. മാതാപിതാക്കൾക്ക് ഗുണം ചെയ്യുന്ന സന്താനത്തിന്റെ പ്രാർത്ഥന.

15. ഹാജിയുടെ പ്രാർത്ഥന.

16. ഉംറ ചെതവന്റെ പ്രാർത്ഥന.

17. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവന്റെ പ്രാർത്ഥന.

18. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവന്റെ പ്രാർത്ഥന.

19. അല്ലാഹു ഇഷ്ടപ്പെട്ടവന്റെ പ്രാർത്ഥന.

അല്ലാഹു ഇഷ്ടപ്പെട്ട ഔലിയാക്കളുടെയും മഹാന്മാരുടെയും പ്രാർത്ഥനകൾ അല്ലാഹു തള്ളുകയില്ല. അബൂ ഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്ന ഖുദ്സിയ്യായ ഹദീസിൽ അല്ലാഹു പറയുന്നു. എന്റെ അടിമ സുന്നത്തായ കർമ്മ ങ്ങൾ കൊണ്ട് എന്നിലേക്ക് അടുത്ത് കൊണ്ടിരിക്കും. അങ്ങനെ ഞാൻ അവനെ സ്നേഹിച്ചാൽ അവൻ പിടിക്കുന്ന കയ്യും നടക്കുന്ന കാലും കാണുന്ന കണ്ണും കേള്ക്കുന്ന ചെവിയും ഞാനാകും. അവൻ എന്നോട് ചോദിച്ചാൽ ഞാൻ നല്കുക തന്നെ ചെയ്യും. അവൻ എന്നോട് കാവൽ തേടി യാൽ ഞാൻ കാക്കുക തന്നെ ചെയ്യും.

<u>അല്ലാഹുവിനോട് എന്താണ് ചോദിക്കേണ്ടത്</u>

ഒരാളുടെ ദീനും ദുനിയാവുമായി ബന്ധപ്പെട്ട ഏത് കാര്യവും അല്ലാഹുവിനോട് ചോദിക്കാം. കാരണാം

എല്ലാ ഖജനാവുകളും അല്ലാഹുവിന്റെ കൈവശമാണ്. അനസുബ്നു മാലിക് (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ(സ) പറഞ്ഞു ''നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിനോട് എന്താവശ്യവും ചോദിക്കാം ചെരുപ്പിന്റെ വാറ് പൊട്ടിയാൽ വരെ'' പക്ഷേ കാര്യക്ഷമമായി നാം ചോദിക്കേണ്ടത് ശശ്വത വിജയത്തിന് നിദാനമായ കാര്യങ്ങളാണ്. അതിൽ പ്രധാനപ്പെട്ട ചിലത് നമുക്കിവിടെ പറയാം.

1. അല്ലാഹുവിനോട് സന്മാർഗ്ഗം ചോദിക്കൽ.

റസൂൽ(സ) അലിയ്യ്(റ) നോട് اللهم انّي اسالك الهدى والسداد എന്ന് ദുആ ചെയ്യാൻ പറഞ്ഞു. സാരം, അല്ലാഹുവേ നിന്നോട് ഞാൻ സന്മാർഗ്ഗവും നേർവഴിയും ചോദിക്കുന്നു.

2. അല്ലാഹുവിനോട് ദോഷം പൊറുക്കാൻ ദുആ ചെയ്യുക.

നബി(സ) പറഞ്ഞു ഓ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിനോട് പൊറുക്കൽ തേടുക. കാരണം ഞാനൊരു ദിവസം നൂറ് പ്രാവശ്യം പൊറുക്കൽ തേടുന്നു.

3. അല്ലാഹുവിനോട് സ്വർഗ്ഗ പ്രവേശവും നരക മോചനവും തേടുക.

4. അല്ലാഹുവിനോട് ദുന്യാവിലും ആഖിറത്തിലും മാപ്പും ആശ്വാസവും തേടുക.

അബ്ബാസ്((റ) പറയുന്നു. ഞാൻ റസൂൽ(സ)നോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ അല്ലാഹുവിനോട് ചോദിക്കാൻ എനിക്കൊരു കാര്യം പഠിപ്പിച്ച് തരിക. റസൂൽ(സ) പറഞ്ഞു 'അല്ലാഹുവിനോട് ആഫിയതിനെ ചോദിക്കുക'.അബ്ബാസ്(റ) പറയുന്നു, അല്പം ദിവസം കഴിഞ്ഞ് ഞാൻ വീണ്ടും ചെന്ന് ചോദിച്ചു. അപ്പോൾ അവിടന്ന് പ്രതികരിച്ചു. അബ്ബാസ്! ദുനിയാവിലും ആഖിറത്തിലും ആശ്വാസത്തെ ചോദിക്കുക.

5. ദീനിൽ സ്ഥിരതയെയും സർവ്വ കാര്യങ്ങളിലും സ്ത്യുത ർ ഹമായ അന്ത്യത്തെയും ചോദിക്കുക. عبدالله بن عمروبن العاص റിപ്പോർട്ട് ചെയ്യുന്നു, ഞാൻ റസൂൽ(സ) ഇപ്രകാരം പറയുന്നത് കേട്ടു. നിശ്ചയം ആദം സന്തതികളുടെ ഹൃദയ ങ്ങൾ അല്ലാഹുവിന്റെ രണ്ട് വിരലുകൾക്കിടയിലാണ്. ഒരു ഹൃദയ സമാനം. അവൻ ഉദ്ദേശിക്കും പോലെ അതിനെ മാറ്റി മറിക്കും. പിന്നീട് റസൂൽ(സ) പ്രാർത്ഥിച്ചു.

اللهم مصرف القلوب صرف قلوبنا على طاعتك

(ഹൃദയങ്ങൾ മാറ്റിമറിക്കുന്ന തമ്പുരാനെ ഞങ്ങളുടെ ഹൃദ യങ്ങൾ നിന്റെ അനുസരണയിലേക്ക് തിരിക്കേണമേ).

മഹതി ഉമ്മുസലമ(റ) പറയുന്നു. നബി(സ) അധിക പ്രാർ ത്ഥനയിലും. يامقلب القلوب ثبت قلبي على دينك

എന്നുണ്ടായിരുന്നു. ഹൃദയങ്ങൾ മാറ്റിമറിക്കുന്ന തമ്പുരാനേ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ച് നിറുത്തേണമേ. മഹതി പറയുന്നു ഒരു ദിവസം ചോദിച്ചു ‘‘ നബിയേ എന്താണ് അവിടുന്ന് ഈ ദുആ വർദ്ധിപ്പിക്കുന്നത്. നബി(സ) പറഞ്ഞു: ഉമ്മു സലമാ, ഭൂമിയിൽ ഓരോ മനുഷ്യന്റെയും ഹൃദയം അല്ലാഹുവിന്റെ രണ്ട് വിരലുകൾക്കിടയിലാണ് അവൻ ഉദ്ദേശിച്ചവരെ നേർവഴിയിലാക്കും ഉദ്ദേശിച്ചവരെ വഴി തെറ്റിക്കും.

6. അല്ലാഹുവിനോട് അനുഗ്രഹങ്ങൾ നിലനിർത്താൻ ആവശ്യപ്പെടുക. സഹോദരാ ഏറ്റവും വലിയ അനുഗ്രഹം അല്ലാഹു നമ്മെ മുഅ്മിനീങ്ങളാക്കി എന്നതാണ്. അത് നിലനില്ക്കാൻ നാം ആദ്യമായി ദുആ ചെയ്യണം. ഇബ്നു ഉമർ (റ) പറഞ്ഞു:

اللهم اني اعوذ بك من زوال نعمتك وتحوّل عافيتك وفجأة نعمتك وجميع سخطك

അല്ലാഹുവേ നിന്റെ അനുഗ്രഹം നഷ്ടപ്പെടുന്നവരിൽ നിന്ന് നീ നല്കിയ ആശ്വാസം മാറിമറിയലിൽ നിന്നും നിന്റെ പ്രതികാരത്തിൽ നിന്നും നിന്റെ എല്ലാ ദേഷ്യങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു.

7. പരീക്ഷണങ്ങളിൽ നിന്നും പരാജയം വന്ന് ചേരലിൽ നിന്നും പ്രതികൂലമായ വിധിയിൽ നിന്നും ശത്രുക്കളുടെ സന്തോഷത്തിന് ഇരയാവലിൽ നിന്നും അല്ലാഹുവോട് കാവൽ തേടുക. ഇവയിൽ നിന്നെല്ലാം അല്ലാഹുവിന്റെ റസൂൽ (സ) കാവൽ തേടിയിരുന്നുവെന്ന് അബൂഹുറൈറ(റ) പറഞ്ഞിട്ടുണ്ട്.

ഒരു മുഅ്മിനായ മനുഷ്യന് ഒരിക്കലും ഒഴിച്ച് കൂടാൻ പറ്റാത്ത പ്രധാനപ്പെട്ട പ്രാർത്ഥനകളാണ് നാം പറഞ്ഞത്. ഈ ദുആകൾ നാം ഒരിക്കലും വിസ്മരിച്ച് കൂടാ. ദുനിയാവിലും ആഖിറത്തിലും നമുക്ക് വളരെ അത്യാവശ്യമായ കാര്യങ്ങളാണ് നാം ഇപ്പോൾ ഹ്രസ്വമായി പ്രതിപാതിച്ചത്.

ഈ ഹ്രസ്വ സമാഹാരത്തിൽ നിന്ന് കാര്യങ്ങൾ വേണ്ട വിതം ഗ്രഹിച്ച് ജീവിതത്തിന്റെ സർവ്വ മേഖലകളിലും പ്രാർത്ഥനയെ ഉൾചേർത്ത് വെച്ച് അല്ലാഹുവിന്റെ തൃക്കാഴ്ച സ്വായത്തമാക്കാൻ നാം പ്രയത്നിക്കുക. നാഥൻ അനുഗ്രഹിക്കട്ടെ ആമീൻ.